## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3307 — **19.10.2016**-ലെ മറുപടിക്ക്

<u>ചേലക്കരമണ്ഡലത്തിലെ സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ചേലക്കര മണ്ഡലത്തിൽ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് വികസന പ്രവൃത്തികൾ ചെയ്തുവരുന്നത്; ഇവയുടെ പ്രവൃത്തി നിർവ്വഹണ ഏജൻസി ഏതാണ്; | (എ) | സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ചേലക്കര മണ്ഡലത്തിൽ തെരഞ്ഞെടുത്ത കോളനികളുടെയും പ്രവൃത്തി നിർവ്വഹണ ഏജൻസികളുടെയും വിവരം ചുവടെ ചേർക്കുന്നു.<br><br>**കോളനിയുടെ പേര്** — **നിർവ്വഹണ ഏജൻസി**<br>നെല്ലിക്കുന്ന് കോളനി — ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ<br>ഏഴരക്കുന്ന് അംബേദ്കർ കോളനി — ജില്ലാ നിർമ്മിതി കേന്ദ്രം, തൃശ്ശൂർ |
| (ബി) | കോളനികളിലെ വികസന പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ്; | (ബി) | കോളനികളിലെ വികസന പ്രവൃത്തികളുടെ ഘട്ടം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെവന്നത് എന്തുകൊണ്ടാണ്; വിശദാംശം വ്യക്തമാക്കുമോ; | (സി) | നിർവ്വഹണ ഏജൻസിയായ എഫ്.ഐ.റ്റി നെല്ലിക്കുന്ന് കോളനിയിൽ ചെയ്ത വിവിധ പ്രവൃത്തികളിൽ ഗുണഭോക്താക്കൾക്കുണ്ടായ അതൃപ്തി പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുന്നതിന് തടസ്സമായി. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് എഫ്.ഐ.റ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏഴരക്കുന്ന് കോളനിയിലെ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. |
| (ഡി) | കഴിവതും വേഗത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | വികസനപ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## നെല്ലിക്കുന്ന് കോളനി

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഘട്ടം |
|---|---|---|
| 1 | വീട് പ്ലാസ്റ്ററിംഗ് (30 എണ്ണം) | പൂർത്തിയാക്കി |
| 2 | റോഡ് ടാറിംഗ് (2070 മീറ്റർ) | പൂർത്തിയാക്കി |
| 3 | കോൺക്രീറ്റ് റോഡ് (900 മീറ്റർ) | പൂർത്തിയാക്കി |
| 4 | റീട്ടെയിനിംഗ് വാൾ (50 മീറ്റർ) | 7.5 മീറ്റർ പൂർത്തിയാക്കി |
| 5 | വാട്ടർ സപ്ലൈ സിസ്റ്റം / ബോർവെൽ | പൂർത്തിയാക്കി |
| 6 | പമ്പ് സെറ്റ് | ആരംഭിച്ചിട്ടില്ല |
| 7 | വാട്ടർ സപ്ലൈ സിസ്റ്റം / പമ്പ് ഹൗസ് | ആരംഭിച്ചിട്ടില്ല |
| 8 | വാട്ടർ സപ്ലൈ സിസ്റ്റം / ഒ.എച്ച് സിന്റക്സ് വാട്ടർ ടാങ്ക് | 90% പൂർത്തിയാക്കി |
| 9 | വാട്ടർ സപ്ലൈ സിസ്റ്റം | 85% പൂർത്തിയാക്കി |
| 10 | തെരുവ് വിളക്ക് സ്ഥാപിക്കൽ | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 11 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | പ്രവൃത്തി ആരംഭിച്ചിട്ടില്ല |

## ഏഴരക്കുന്ന് കോളനി

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഘട്ടം |
|---|---|---|
| 1 | കോൺക്രീറ്റ് റോഡ് | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 2 | കാന നിർമ്മാണം | " |
| 3 | സൈഡ് പ്രൊട്ടക്ഷൻ | പ്രവൃത്തി പുരോഗമിക്കുന്നു |
| 4 | വാട്ടർ ടാങ്ക് ജല വിതരണം | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 5 | കമ്മ്യൂണിറ്റി ഹാൾ നവീകരണം (കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ഷൻ) | പ്രവൃത്തി പുരോഗമിക്കുന്നു |
| 6 | കിണറുകളുടെ അറ്റകുറ്റപണി | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 7 | എൽ.ഇ.ഡി തെരുവ് വിളക്ക് | " |
| 8 | വൈദ്യുതീകരണം | " |
| 9 | കുട്ടികൾക്ക് പഠനാവശ്യത്തിന് മേശകളും കസേരകളും നൽകൽ | " |
| 10 | ചെറുകിട വ്യവസായം | " |
| 11 | വീടുകളിൽ സോളാർ ലൈറ്റുകൾ | പ്രവൃത്തി പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ